പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1007

06.06.2018-ൽ മറുപടിയ്ക്ക്.

**ക്ഷീര കർഷകർക്ക് ക്ഷീര സംഘങ്ങളിൽ നിന്നും ലഭിക്കുന്ന തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | | **ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷീര കർഷകർക്ക് ക്ഷീര സംഘങ്ങളിൽ നിന്ന് നൽകുന്ന തുക ബാങ്ക് വഴി നൽകുവാൻ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | കേന്ദ്രസർക്കാരിന്റെ 08.11.2016ലെ ഗസറ്റ് നം.SO3407 അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 10.11.2016ലെ സി2/17099/2016 (സർക്കുലർ നം.19/2016) പ്രകാരം പാൽവില ബാങ്ക് വഴി നൽകുന്നതിനായി ക്ഷീരസംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് വേണ്ടി 23.06.2017ലെ സി1/9768/2017 പ്രകാരം എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, വീണ്ടും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ബി) | ഇത് മൂലം ക്ഷീര കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് ക്ഷീരകർഷകർക്ക് പാൽവില ബാങ്കിലൂടെ നൽകുന്ന ക്യാഷ്‌ലെസ് പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നത് നല്ല നടപടിയാണെന്നും എന്നാൽ ചെറുകിട കർഷകർക്ക് വലിയ പ്രയാസം ഉണ്ടെന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രതിദിനം അഞ്ചുലിറ്റർ പാൽ വരെ നൽകുന്ന കർഷകർക്ക് മാത്രം പാൽവില പണമായി നൽകുന്ന വിധത്തിൽ നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത് പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ